(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി എടുത്തു ;

(സി) നടപടികൾ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഓർക്കാട്ടേരി, ആദിയൂർ ദേശങ്ങളെ എടച്ചേരി സബ് രജിസ്ട്രാർ ആഫീസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ തീരുമാനം എടുത്തു കഴിഞ്ഞു. ഇതു സംബന്ധിച്ച വിജ്ഞാപനം താമസിയാതെ പുറപ്പെടുവിക്കുന്നതാണ്.

ഏലപ്പാറ വില്ലേജ് പീരുമേട് സബ് രജിസ്ട്രാർ ഓഫീസിനോട് ചേർക്കാൻ നടപടി

302. [377] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇപ്പോൾ കട്ടപ്പന സബ് രജിസ്ട്രാർ ഓഫീസിനോട് ചേർന്നിരിക്കുന്ന ഏലപ്പാറ വില്ലേജ് പീരുമേട് സബ് രജിസ്ട്രാർ ഓഫീസിനോട് ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇതിനു വേണ്ട നടപടി എടുത്തുവരികയാണ്.

II. അടിയന്തിരപ്രമേയം

ഇടുക്കിയിൽ തങ്കമണി എന്ന സ്ഥലത്തു നടന്ന പോലീസ് വെടിവയ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ഇടുക്കി ജില്ലയിലെ തങ്കമണിയിൽ ബുധനാഴ്ച വൈകിട്ട് നാട്ടുകാർക്കെതിരെ നെടുങ്കണ്ടം സി. ഐ. യുടെ നേതൃത്വത്തിൽ പോലീസ് വെടിവച്ചതിന്റെ ഫലമായി രണ്ടുപേർ മരണമടയുകയും മറ്റ് നിരവധിപേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്ത സംഭവത്തെ തുടർന്ന് അവിടെ ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യാൻ ഇന്നത്തെ നിയമസഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ഇ. കെ. നായനാർ, ശ്രീ. കെ. പി. പ്രഭാകരൻ, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. ബേബിജോൺ, ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. എം. വി. രാഘവൻ, ശ്രീ. സി. കെ. ചക്രപാണി, ശ്രീ. ജി. വരദൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : കട്ടപ്പനയിൽ തങ്കമണി എന്ന സ്ഥലത്ത് സഹകാരിബസ്സുകാരും നാട്ടുകാരും തമ്മിൽ തർക്കമുണ്ടായതിനെത്തുടർന്ന് സ്ഥിതിഗതികൾ സംഘർഷാത്മകമായിത്തീരുകയും സമാധാനം പാലിക്കാൻവേണ്ടി ചെന്ന പോലീസിന് അവരെ നിയന്ത്രിക്കാൻ സാധിക്കാതെവരികയും ചെയ്തതിന്റെ ഫലമായി വെടിവയ്പ് നടത്തുകയും ചെയ്തു. അതിന്റെ ഫലമായി ഒരാൾ മരിക്കുകയും ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിക്കാൻ ഇടയാകുകയും ചെയ്തിട്ടുണ്ട്. ഒരാൾ മരിക്കാൻ ഇടയായതിൽ ഗവൺമെന്റിന് അങ്ങേയറ്റം ദുഃഖമുണ്ട്. തങ്കമണി ടൗണിലാണ്

LIBRARY ARCHIVES Kerala Legislative Assembly

സാധാരണ ബസ്സു കൊണ്ടുപോയി നിർത്താറുള്ളത്. എന്നാൽ 20-ാം തീയതി ടൗണിൽ നിന്ന് 500 മീറ്റർ അകലെയായി ബസ് നിർത്തി ഡ്രൈവർ യാത്രക്കാരോട് ഇറങ്ങാൻ ആവശ്യപ്പെട്ടു. കുട്ടികളും നാട്ടുകാരും അതിനെ എതിർത്തു; ബഹളമുണ്ടാക്കി, അവസാനം മദ്ധ്യസ്ഥത പറഞ്ഞ് ബസ് തിരിച്ചു പോയി. ഇന്നലെ ബസ് വന്നപ്പോഴും വീണ്ടും തർക്കമുണ്ടായി; ബസ് തിരിച്ചുകൊണ്ടുപോകാൻ സാധിച്ചില്ല. തുടർന്ന് പോലീസിൽ പരാതി കിട്ടി, പീരുമേട് സി. ഐ. യുടെ നേതൃത്വത്തിൽ ഒരു പോലീസ് പാർട്ടി അവിടെച്ചെന്ന് ഈ പ്രശ്നങ്ങളെ രമ്യമായി തീർക്കാനുള്ള ഒരു ശ്രമം നടത്തി. അവിടെതന്നെ രണ്ട് അഭിപ്രായഗതി വന്നു. നിർഭാഗ്യവശാൽ തീരുമാനമുണ്ടാക്കാൻ സാധിച്ചില്ല. അതിനെത്തുടർന്ന് രണ്ടു കൂട്ടരും തമ്മിൽ വാക്കേറ്റവും തർക്കവും സംഘടനവും ഉണ്ടായി. ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി പോലീസ് ആദ്യം ലാത്തിവീശി. പോലീസിനു നിയന്ത്രിക്കാൻ സാധിക്കാതെ വന്നപ്പോഴാണ് വെടിവയ്ക്കുകയുണ്ടായി. പോലീസ് വെടിവയ്പ് ആവശ്യമായിരുന്നോ, ഇല്ലയോ എന്നുള്ള കാര്യത്തിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഇന്നലെ ഇടുക്കിയുമായി ബന്ധപ്പെടാൻതന്നെ വളരെ വിഷമമായിരുന്നു, ടെലിഫോണൊന്നും വർക്ക് ചെയ്തിരുന്നില്ല. വയർലസ് മെസ്സേജ് ആണ് കിട്ടുന്നത്. അതനുസരിച്ച് കിട്ടിയ വിവരവും, ഇന്ന് കോണ്ടാക്ട് ചെയ്തതിനു ശേഷം കിട്ടിയ വിവരവും ആണ് പറയുന്നത്. അവിടെ സ്ഥിതി നിയന്ത്രിക്കാൻ വയ്യാത്ത കാര്യം ഞാൻ സൂചിപ്പിച്ചു. പോലീസ് ലാത്തി പ്രയോഗം നടത്തിയപ്പോഴാണ് ഉടൻതന്നെ അടുത്തുള്ള പള്ളിയിൽ ആരോ കയറിച്ചെന്ന് മണിയടിച്ച് ആൾക്കൂട്ടത്തെ വർദ്ധിപ്പിച്ചു. ഏകദേശം ആയിരത്തഞ്ഞൂറോളം ആളുകളുണ്ടായിരുന്നു. അങ്ങനെ അവരെ നിയന്ത്രിക്കാൻ സാധിക്കാതെ വന്നപ്പോഴാണ് വെടിവച്ചു എന്നാണ് റിപ്പോർട്ട്. ഏതായാലും ഈ സംഭവത്തെക്കുറിച്ച് ഗവൺമെന്റ് ജുഡീഷ്യൽ അന്വേഷണം നടത്തി—സത്യസന്ധമായ അന്വേഷണം നടത്തി—ആരാണ് കുറ്റക്കാരെന്നു വച്ചാൽ അവരുടെ പേരിൽ തക്കതായ നടപടികളെടുക്കാൻതയ്യാറാണ്, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത് സന്തോഷമുള്ള ഒരു കാര്യമല്ല. ഭാവിയിലും ഏതെങ്കിലും സാഹചര്യങ്ങളിൽ ഇങ്ങനെ നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള അധികാരങ്ങളും, ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത ഏത് നിലയിൽ നിയന്ത്രിക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ചിടത്തോളം പരിശോധിക്കേണ്ടതായുണ്ട്. വർഗ്ഗീയകലാപങ്ങളോ, പ്രാദേശിക സംഘട്ടനങ്ങളോ ഒഴിച്ചാൽ മാറുള്ള കാര്യത്തിൽ ഏത് നിലയിൽ പ്രവർത്തിക്കണമെന്നുള്ളതിനെക്കുറിച്ച് ഒരു പരിശോധന നടത്താനും ഗവൺമെന്റ് ആഗ്രഹിക്കുന്നു. ഈ സംഭവം കേവലം രാഷ്ട്രീയമായി കാണേണ്ട കാര്യമില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അക്രമമുണ്ടാക്കി സ്വൈര്യം വിഹരിക്കാൻ ആരേയും അനുവദിക്കുകയില്ല, അതേയവസരത്തിൽ നിരപരാധികളെ ഒരിക്കലും മർദ്ദിക്കപ്പെടാൻ ഇടയാകത്തക്ക സാഹചര്യം സൃഷ്ടിക്കരുത് എന്നും ഗവൺമെന്റിന് ആഗ്രഹമുണ്ട്. അതിനാൽ ആ തരത്തിൽതന്നെ ഇതിനെ കാണും. ഈ വിവരം അറിഞ്ഞതിനുശേഷം എസ്. പി. അവിടെ ചെന്നു, ഡി. ഐ. ജി. യുടെ നേതൃത്വത്തിൽ അവിടെ പോലീസ് പാർട്ടി ചെന്നു. ഇപ്പോൾ അവിടെ യാതൊരു സംഘർഷാവസ്ഥയുമില്ല. ഇത് ഒരു അടിയന്തിര പ്രമേയമായി സഭാനടപടികൂടി നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള ഗൗരവസ്ഥിതിയില്ല. സ്ഥിതി ഇപ്പോൾ ശാന്തമാണ്. ഇത് സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തി സത്യസന്ധമായ നിലയിൽ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : സർ, ഇങ്ങനെയൊരു അടിയന്തിരപ്രമേയം ഇന്നും കൊണ്ടു വരേണ്ടിവന്നതിൽ ദു:ഖമുണ്ട്. മിനിഞ്ഞാന്നാണ് ഒരു വെടിവയ്പ് നടന്നത്. വെടിവയ്ക്കുന്നതിനൊക്കെ കൈയടിക്കുന്നവരായി കുറേപേർ ഇവിടെയുണ്ട് ; ശരിയാണെന്ന് പറയുന്നവരുണ്ട് ; വെടിയുണ്ട മുഖ്യനേ, ഇവിടെഭരിക്കാൻ കഴിയു, മറ്റ് തരത്തിൽ ഭരിക്കാൻ കഴിയില്ല എന്നുള്ളതിനും കൈയടിക്കുന്നവരായി കുറേപേർ ഇവിടെയുണ്ട്. വളരെ ദു:ഖകരമായ ഒരു കാര്യത്തെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. രണ്ടുദിവസം മുമ്പ് വെടിവച്ചത് തൊഴിലാളികൾക്കെതിരായിട്ടാണ്. ഓടിപ്പോകുന്ന തൊഴിലാളികളുടെ പിൻഭാഗത്താണ് വെടിവച്ചത്. മറ്റൊരാൾക്ക് തലയുടെ പിൻഭാഗത്താണ് വെടികൊണ്ടത്. എന്നിട്ടും മുഖ്യമന്ത്രി ഇവിടെ അതിനെ ന്യായീകരിക്കുകയാണ് ചെയ്തത്. ഇന്നത്തെ സംഭവത്തെ സംബന്ധിച്ച് ഫോൺ വർക്ക് ചെയ്യാതിരുന്നതുകൊണ്ട് ഡീറെയിൽസ് കിട്ടുന്നില്ല. ഇന്നലെ രാത്രിതന്നെ എല്ലാ പാർട്ടികളും അടങ്ങുന്ന ഒരു ഡെലിഗേഷൻ ഞങ്ങളുടെ ആഫീസിൽവന്ന് ഞങ്ങളെ സന്ദർശിക്കുകയുണ്ടായി. വെടികൊണ്ടതിൽ പ്രതിഷേധിക്കുന്നതിൽ കക്ഷിവ്യത്യാസമൊന്നുമില്ല. അവരിൽ നിന്നാണ് കുറേ വാർത്തകൾ കിട്ടിയത്. അവർക്കും പൂർണ്ണമായി കിട്ടിയിട്ടില്ല. വെടിവന്നപ്പോൾതന്നെ അവർ ഓടി ഇങ്ങോട്ട് വന്നതാണ്. മാതൃഭൂമി പത്രത്തിൽ, രണ്ടുപേർ മരിച്ചുവെന്നും മൂന്നുപേരുടെ നില ഗുരുതരമാണെന്നും പറയുന്നു. അവിടെ 'എലൈറ്റ്' എന്ന പ്രൈവറ്റ് ബസ്സിലെ ജീവനക്കാരും ബസ്സിൽ യാത്ര ചെയ്ത ജീവനക്കാരും തമ്മിലുണ്ടായ തർക്കമാണ് ഈ ദാരുണ സംഭവത്തിനു വഴിതെളിച്ചത്. വെടിയേറ്റ് മരിച്ച ഒരാളിന്റെ പേര് ഞങ്ങൾക്ക് ഒടുവിൽ വിവരം കിട്ടിയതനുസരിച്ച് കോഴിമല അവറാച്ചൻ എന്നാണ്. അവരുടെ അഖില കക്ഷി ഡെലിഗേഷൻ ഇവിടെയുണ്ട്. അവരിൽനിന്ന് മനസ്സിലാക്കിയ വാർത്തകളും, നമുക്ക് കിട്ടിയിട്ടുള്ള വിവരങ്ങളുംവച്ചാണെങ്കിൽ മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് ശരിയല്ല. മുഖ്യമന്ത്രി ഒരു 'വെടിമുഖ്യ' നായി ഇപ്പോൾ മാറിയിരിക്കുകയാണ്. ആ വെടിമുഖ്യന്റെ വാർത്തയ്ക്കെതിരായി 'എലൈറ്റ്' എന്ന ബസ്സ് ജീവനക്കാരും; ബസ്സിൽ യാത്രചെയ്തിരുന്ന വിദ്യാർത്ഥികളും തമ്മിൽ തർക്കമുണ്ടായി. ബസ്സ് ജീവനക്കാർ വിദ്യാർത്ഥികൾക്കെതിരെ ബലപ്രയോഗം നടത്തി. ഇതിൽ പ്രതിഷേധിച്ച് പഠിപ്പ് മുടക്കിയ വിദ്യാർത്ഥികൾ പിന്നീട് ബസ്സ് തടഞ്ഞു. വിദ്യാർത്ഥികളുടെ ഭാഗത്താണ് ന്യായമെന്നുകണ്ട് കക്ഷിവ്യത്യാസം കൂടാതെ നാട്ടുകാർ ഒന്നടങ്കം വിദ്യാർത്ഥികളുടെ ഭാഗത്ത് അണിനിരന്നു. ബസ്സ് ഉടമസ്ഥ പോലീസിനെ വരുത്തി. സബ് ഇൻസ്പെക്ടറും അവിടെ പ്രകോപനമുണ്ടാക്കാനാണ് ശ്രമിച്ചത്. തൻമൂലം പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ല. നെടുങ്കണ്ടം സി. ഐ. യുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസ് സ്ഥലത്തുവന്നു ; നാട്ടുകാരോട് പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടു, പ്രശ്നം പരിഹരിക്കാൻ ആലോചന നടത്തുമെന്നും പറഞ്ഞു. ഇതുകേട്ട് നാട്ടുകാർ പിരിഞ്ഞു പോകാനും തുടങ്ങി. ബസ്സിന്റെ കാറ്റ് ആരോ അഴിച്ചുവിട്ടിരുന്നതുകൊണ്ട് ബസ്കൊണ്ടുപോകാൻ കഴിഞ്ഞില്ല. നാട്ടുകാർ പിരിഞ്ഞുപൊയ്ക്കൊണ്ടിരുന്ന സമയത്ത് സി. ഐ. യുടെ നേതൃത്വത്തിൽ പോലീസ് ജനങ്ങൾക്കുനേരെ ചാടിവീണ് മൃഗീയമായി ലാത്തി ചാർജ്ജ് നടത്തുകയും വെടിവയ്ക്കുകയും ആണ് ചെയ്തത്. ഇതാണ് പൊൻകുന്നത്തും നടന്നത്. വെടിവയ്പിൽ രണ്ടുപേർ മൃതിയടഞ്ഞു, പക്ഷേ ഇവിടെ പറഞ്ഞത് ഒരാൾ മരിച്ചു എന്നാണ്. നിരവധിപേർക്ക് പരിക്കേറ്റു. വിദ്യാർത്ഥികളെ ലോക്കപ്പിൽകൊണ്ടുപോയി മർദ്ദിച്ചു. അവിടെ വച്ച് ലാത്തിച്ചാർജ്ജ് ചെയ്തു. അതിനുശേഷം പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

നെടുങ്കണ്ടത്തെ കടകളും മുഴുവൻ തല്ലിതകർത്തു. അവർ പറഞ്ഞത് കക്ഷി വ്യത്യാസം കൂടാതെ എല്ലാപേരുടെയും കടകളും അടിച്ചു തകർത്തു എന്നാണ്. നാട്ടുകാരുടെ പേരിൽ പഴി ചാരാൻ പോലീസ് ഒടുവിൽ ചെയ്തത് സാധാരണക്കാരൻ ചെയ്യുന്നതു പോലെ പോലീസ് സ്റ്റേഷൻ തീവച്ചു. അതുചെയ്തത് പോലീസ് ഔട്ട് പോസ്റ്റാണ് അവിടെ വലിയ സ്റ്റേഷനല്ല. അതിന് തീ വച്ചു. വന്നിച്ച ഒരു പോലീസ് വ്യൂഹം വന്നു പറഞ്ഞു ഔട്ട് പോസ്റ്റ് തീ വച്ചതുകൊണ്ടാണ് ഞങ്ങൾ വെടിവയ്ക്കുന്നത് എന്ന്. അതിനെ ന്യായീകരിക്കാൻ മി. കരുണാകരനു ലജ്ജയില്ലേ? ഇത്തരത്തിൽ പോലീസിന്റെ വാക്കുകൾ കേട്ട്, അതുപോലെ വെടിവയ്പിനെ ന്യായീകരിക്കാൻ നിങ്ങൾ ഇവിടെ നടത്തിയ ഹീനമായ ശ്രമം തീർച്ചയായിട്ടും ഈ രാജ്യത്തിന് യോജിച്ചതല്ല. അതുപോലെ സെപ്റ്റംബർ മാസത്തിൽ യുവജനങ്ങൾക്ക് എതിരായി കാസർകോട്ടും, കണ്ണൂരും, വടകരയിലും 100 കണക്കിന് വെടികളും വച്ചും അതുപോലെ ലാത്തിച്ചാർജ് രാജ്യം മുഴുവൻ നടത്തി. മിനിഞ്ഞാന്ന് പൊൻകുന്നത്തു പണിമുടക്കിയ തൊഴിലാളികൾ പിരിഞ്ഞു പോകുന്ന സമയത്ത് ഗുണ്ടകളെ അഴിച്ചുവിട്ട് പിന്നിൽ നിന്ന് വെടിവച്ച് അവരെ പരിക്കേൽപ്പിക്കുകയും 2 പേരെ കശാപ്പാക്കുകയും നിങ്ങൾ ചെയ്തു. അതുപോലെ ഇപ്പോഴാണെങ്കിലോ, വിദ്യാർത്ഥികൾ, പാവപ്പെട്ട പിഞ്ചുകുട്ടികൾ, അവർ ന്യായമാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കി നാട്ടുകാർ അണിനിരന്നപ്പോൾ പോലീസ് അവിടെ വന്ന് കൂടിയാലോചിക്കാനല്ല മുതിർന്നത്, നേതാക്കൻമാരെ വിളിച്ച് ചർച്ച ചെയ്യാനല്ല മുതിർന്നത്, പിന്നെ പിരിഞ്ഞു പോകുന്ന നാട്ടുകാർക്കെതിരായാണ് ലാത്തിച്ചാർജും വെടിവയ്പും നടത്തിയത്. അവിടെ കോഴിമലയിൽ അവറാച്ചൻ എന്നു പറഞ്ഞ ആൾ മരിച്ചു. മാറു 30 പേർക്ക് പരിക്ക് പറ്റിയെന്ന് നിങ്ങളുടെ പത്രം തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഹീനമായ നടപടി നമ്മുടെ സംസ്ഥാനത്ത് ഓരോ ദിവസവും നടക്കുന്നു. കാരണം രണ്ടു ദിവസം മുമ്പ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞ മറുപടിയാണ് അതിനിടവരുത്തിയത്. പോലീസിന് ആത്മരക്ഷക്കുവേണ്ടി വെടി വയ്ക്കാൻ എവിടെയാണ് അവകാശം, ക്രിമിനൽ പ്രോസീഡ്യർ കോഡ് പ്രകാരം എവിടെ അവകാശം, അങ്ങനെ ന്യായീകരിക്കുന്ന ഒരു മുഖ്യമന്ത്രിക്ക് നിയമസമാധാനം നിലനിറുത്താൻ സാധിക്കുമോ ? ഈ രാജ്യത്ത് വെടിവച്ചു ഭരിക്കാൻ സാധിക്കുമോ ? നിങ്ങൾ പതിനായിരകണക്കിന് ആളുകളെ വെടി വച്ചാൽ തീരുമോ ഇവിടത്തെ പ്രശ്നങ്ങൾ. വെടി വച്ചതുകൊണ്ട് പ്രശ്നം തീർക്കാൻ സാധിക്കുകയില്ല. നിങ്ങൾ ചെയ്തതും പണ്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ കരിങ്കാലികൾക്കുവേണ്ടി വെടി വയ്പിക്കുകയാണ്. സാധാരണ വിദ്യാർത്ഥികൾക്കു എതിരായി വെടി വയ്പിക്കുകയാണ്. തങ്കമണിയിൽ നിന്ന് ആൾ പാർട്ടി ഡലിഗേഷൻ എന്തിനാണ് ഇവിടെ വന്നത്, ഞങ്ങൾ കക്ഷി വ്യത്യാസം നോക്കാത്തത് അതുകൊണ്ടാണ്. ഇതിനെ സംബന്ധിച്ച ഒരു ചർച്ച ആവശ്യമാണ്. ഇത്തരം വെടി വയ്പുമന്ത്രിയുടെ ഭരണം എത്രയും വേഗം നമ്മുടെ രാജ്യത്ത് നിന്ന് തൂത്തെറിയാൻ ഈ രാജ്യത്തെ ജനങ്ങൾ തയ്യാറാണ്, ഇതു വച്ചുകൊണ്ട് അപമാനകരമായിട്ടുള്ള ഈ സ്ഥിതിയെ പറ്റി ചർച്ച ചെയ്യണം ഇത്തരത്തിൽ ക്രൂരമായി വെടിവച്ച കുറ്റവാളികളെ ശിക്ഷിക്കണം. അസംബ്ലി അംഗങ്ങൾ അടങ്ങിയ ഒരു അഖിലകക്ഷി കമ്മിറ്റിയെ ഒരു അന്വേഷണ കമ്മിഷനായിവയ്ക്കണം. നിങ്ങളുടെ ജുഡിഷ്യറി കൊണ്ട് തൃപ്തിപ്പെടാൻ സാധ്യമല്ല. അതുകൊണ്ട് എല്ലാ പാർട്ടികളിലേയും എം. എൽ. എ. മാർ അടങ്ങിയിട്ടുള്ള ഒരു കമ്മറ്റിയെ വച്ച് അന്വേഷണം നടത്തണം, ഇതിനാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ ചർച്ച ഇന്നു മുഴുവൻ നടത്തണം. അതിനുവേണ്ടി തയ്യാറാകണമെന്നു ഞാൻ ഡപ്യൂട്ടിസ്പീക്കറോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ കുറ്റപ്പെടുത്തിയതുപോലെ വെടിവയ്പിനെ ന്യായീകരിക്കുകയല്ല ചെയ്തത്, ഉണ്ടായ സംഭവങ്ങളെ സഭയിലറിയിക്കുകയാണ്. അദ്ദേഹം പറഞ്ഞതുപോലെ ഈ ഗവൺമെന്റ് വെടിവയ്പ്പിച്ചു ഭരിക്കാനാഗ്രഹിക്കുന്നില്ല. ഞാൻ അദ്ദേഹത്തെ ബഹുമാനപൂർവം അനുസ്മരിപ്പിക്കുകയാണ്, അങ്ങ് ഉംപ്പെടെയുള്ള ഗവൺമെന്റ് ഭരിക്കുമ്പോഴും വെടിവയ്പു നടന്നിട്ടുണ്ട് നിരപരാധികളായ ചെറുപ്പക്കാരെ മലപ്പുറത്ത് ഒരു വെടിക്ക് മൂന്ന് എണ്ണത്തിനെ കൊന്നിട്ടതിന്റെ അവകാശിയായ നായനാരാണ് ഇത് പറയുന്നത്. ഈ മുഖ്യമന്ത്രി വെടി മുഖ്യനാണെങ്കിൽ അങ്ങ് മുഖ്യവെടിവീരനാണ് എന്ന് ഞാൻ അങ്ങയെ വിശേഷിപ്പിക്കേണ്ടിവരും, അതിലേക്ക് ഒന്നും ഞാൻ കടക്കുകയല്ല. ഈ നിർഭാഗ്യകരമായ സ്ഥിതിയിൽ, വേദനാജനകമായ സംഭവത്തിൽ ഞാൻ ആരംഭത്തിൽ തന്നെ പറഞ്ഞു ഞങ്ങൾക്ക് ദുഃഖമുണ്ട്. പക്ഷെ ഉണ്ടായ സാഹചര്യത്തെക്കുറിച്ച് ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാണ് ഇന്നേവരെ, അങ്ങയുടെ കാലത്ത് വെടിവയ്പ് നടത്തിയപ്പോഴും നിയമസഭ കമ്മറിയെ കൊണ്ട് അന്വേഷിപ്പിക്കുന്ന ഒരു മാതൃക കാണിച്ചിട്ടില്ല, ആരും കാണിച്ചിട്ടില്ല, കുറ്റവാളിയെ കണ്ടെത്തുന്നതിന് സത്യസന്ധമായ നടപടി സ്വീകരിക്കും. പിന്നെ പരുക്കിന്റെ വിവരം പറഞ്ഞു, ഒരു പോലീസുകാരൻ സീരിയസ്സായിട്ട് ആശുപത്രിയിലാണ്. 15 പോലീസുകാർ ആശുപത്രിയിലാണ്, ഞാൻ അതിനൊന്നിനേയും ന്യായീകരിക്കുകയും ന്യായീകരിക്കാതെയിരിക്കുകയും ചെയ്യുകയല്ല. ഇതിനെകുറിച്ച് നിഷ്പക്ഷമായി അന്വേഷിക്കണം. അതുകൊണ്ടാണ് ജൂഡിഷ്യൽ അന്വേഷണം പറഞ്ഞത്. ഇങ്ങനെ ബഹളം കൂട്ടി ഭയപ്പിച്ച് ഞങ്ങളെ വിറപ്പിക്കാം എന്നു വിചാരിച്ചാൽ അത് നടക്കാൻ പോകുന്നില്ലയെന്നു ഞാൻ പറയാനാഗ്രഹിക്കുകയാണ്. കേരളത്തിലെ ജനങ്ങൾക്കു നിങ്ങളെ അറിയാം, അതുകൊണ്ട് ഞാൻ അക്കാര്യത്തിലേക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റ് നിയമസമാധാനം പാലിക്കുന്ന കാര്യത്തിൽ സത്യസന്ധമായ സമീപനം സ്വീകരിക്കും. ആരെങ്കിലും ആക്രമണം ഉപയോഗിച്ച് ശക്തി ഉപയോഗിച്ച് ആരെയും അമർച്ച ചെയ്യാൻ സമ്മതിക്കുകയില്ല. അതേയവസരത്തിൽ നീതിരഹിതമായി എന്തെങ്കിലും നടപടി പോലീസിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ടെങ്കിൽ കർക്കശമായും നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാണ്, കുറ്റവാളികളെ കണ്ടെത്തി ശിക്ഷിക്കാനും തയ്യാറാണ്. ഇന്നവിടെ യാതൊരു സംഘർഷവുമില്ല, സമാധാനപരമായ അന്തരീക്ഷമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകിച്ച് ഒരു ജൂഡീഷ്യൽ അന്വേഷണത്തിന് ഗവൺമെന്റ് തയ്യാറായ സാഹചര്യത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുകയാണ്.

ശ്രീ. ഇ.കെ. നായനാർ : സർ, ജൂഡിഷ്യൽ അന്വേഷണമല്ല ഞങ്ങളാവശ്യപ്പെട്ടത്. കാരണം ജൂഡീഷ്യൽ അന്വേഷണംകൊണ്ട് പ്രയോജനമുണ്ടായിട്ടില്ല. മുഴുവൻ വെടിവയ്പ്പിനെയും ന്യായീകരിക്കാനാണ് ജൂഡിഷ്യൽ അന്വേഷണംകൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് ഈ ദിവസം മുഴുവൻ ചർച്ച ചെയ്തത് പിരിയണമെന്നാണ് എനിക്ക് പറയാനുള്ളത്, ഈ ദിവസം മുഴുവൻ ചർച്ച ചെയ്യണം അല്ലെങ്കിൽ അതിനെ പ്രതിഷേധിച്ച് ഞങ്ങൾ ഇറങ്ങിപോക്ക് നടത്തുന്നു.

(ശ്രീ. ഇ.കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. പ്രഭാകരൻ : സർ, മുഖ്യമന്ത്രി നൽകിയ മറുപടിയിൽ നിന്നുതന്നെ സഭ ഗൗരവതരമായി ചർച്ച ചെയ്യേണ്ട കാര്യമാണെന്ന് വ്യക്തമായിരിക്കുകയാണ്. സഭ തുടങ്ങി 2 ദിവസത്തിനകത്ത് രണ്ടു വെടി വയ്പ്പുണ്ടായി. മിനഞ്ഞാന്ന് പൊൻകുന്നത്ത് വെടിവച്ചപ്പോഴും അത് പ്രതിപക്ഷ മെമ്പറായിട്ടുള്ള രാജേന്ദ്രന്റെ നിയോജകമണ്ഡലത്തിലായതുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു ദുഃഖവുമുണ്ടായില്ല. അതിനെ ന്യായീകരിച്ചു. ഇന്നലെ കുറ്റ്യാനിയുടെ നിയോജകമണ്ഡലത്തിൽ വെടി വയ്പ്പുണ്ടായപ്പോഴും മുഖ്യമന്ത്രിക്ക് ദുഃഖം. കോൺഗ്രസ്കാരന്റെ നിയോജകമണ്ഡലത്തിൽ വെടിവച്ചതിലാണ് മുഖ്യമന്ത്രിക്കു ദുഃഖം ; അല്ലാതെ ആളുകളെ മരിച്ചതിലല്ല. ഈ ഇരട്ടത്താപ്പ് ദുഃഖത്തിൽ മാത്രമല്ല, അവിടെ കളക്ടറെകൊണ്ടാണ് അന്വേഷിപ്പിക്കുന്നത്. ഇവിടെ ജൂഡിഷ്യൽ അന്വേഷണമെന്ന് പറയുന്നു. സഭ തുടങ്ങി രണ്ടു ദിവസത്തിനകത്ത് രണ്ടു തവണ പോലീസ് വെടിവയ്പ്—രണ്ടു വെടിവെയ്പ്പിനോടും രണ്ടു സമീപനം. അതാണു ഇവിടെ കണ്ടത്. ഒരു പോലീസുകാരനുപോലും വെടിവെക്കാമെന്നു മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞതാണ് തങ്കമണിയിൽ ഇതാവർത്തിക്കാൻ ഇടയാക്കിയത്. പൊൻകുന്നത്ത് 350, 400 ആളുകളുടെ പേരിൽ 307-അനുസരിച്ച് കേസ് എടുത്തിരിക്കുകയാണ്. ഇപ്പോഴും തങ്കമണി എന്ന പ്രദേശത്തേക്ക് ഒരു മനുഷ്യരെയും പ്രവേശിപ്പിക്കുന്നില്ല. സെൽഫ് ഡിഫൻസിനാണ് പോലീസ് അവിടെ കട കമ്പോളങ്ങളും മുഴുവൻ കത്തിച്ചു കളഞ്ഞത്. നാളെ അന്വേഷണത്തിന് വരുമ്പോഴും സെൽഫ് ഡിഫൻസിനുള്ള വേദിയൊരുക്കിയിരിക്കുകയാണ്. മുഖ്യമന്ത്രി തന്നെയാണ് ഇതിനൊക്കെ നിർദേശം കൊടുത്തിരിക്കുന്നത്. ഇത്തരത്തിലുള്ള സംഭവം അതിൽ പുതിയ സംവിധാനം ഉണ്ടാക്കുകയത്രേ, ഈ പറയുന്നത് മുതലക്കണ്ണീർ ഒഴുക്കലാണ് സ്വന്തം മണ്ഡലത്തിൽ വെടി വച്ചതിലുള്ള ദുഃഖം മാത്രമാണ്. ആളുകളെ മരിച്ചതിലല്ല. ഈ സാഹചര്യത്തിൽ ഇതാണ് നമ്മുടെ സംസ്ഥാനത്തെ പോലീസിന്റെ നില്പാടെങ്കിൽ ഈ സഭ ഗൗരവതരമായി ചർച്ച ചെയ്യണം. അതിനനുവദിക്കാത്ത ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും സഭ വിട്ടിറങ്ങിപോകുന്നു.

(ശ്രീ. കെ. പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തേക്കിറങ്ങിപ്പോയി)

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, മലപ്പുറത്ത് വെടി വയ്പുണ്ടായപ്പോഴും ഈ സഭയിൽ ചർച്ച നടത്തിയതാണ്. മുഖ്യമന്ത്രിയുടെ മറുപടി ഓരു ചർച്ചക്ക് നിദാനമായിരിക്കുന്നു. അദ്ദേഹം പറയുന്ന വർഗ്ഗീയ കലാപം ഉണ്ടാകുമ്പോളുടക്കം വെടിവയ്പാകാം, മറ്റു സന്ദർഭങ്ങളിൽ പ്പോണോ ? നയപരമായൊരു പ്രശ്നം മുഖ്യമന്ത്രി ഇവിടെ ഉന്നയിച്ചിരിക്കുന്നു. ആ പ്രശ്നം ചർച്ച ചെയ്യാൻ ഈ സഭക്ക് , അവകാശമുണ്ട്. ജൂഡിഷ്യൽ എൻക്വയറിക്ക് നിങ്ങളും തയ്യാറായി. അസംബ്ലി കമ്മറിയെ വയ്ക്കുന്നതിനു തയ്യാറായോ ? മുഖ്യമന്ത്രി ഹൈക്കോടതി ജഡ്ജിമാരെ സ്വാധീനിക്കുന്ന പരാതി ഈ മുഖ്യമന്ത്രിയുടെ കാലത്തല്ലാതെ മറ്റൊരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ല. അതുകൊണ്ടാണ് ഞങ്ങളും ജാനകിയമ്മയെ പോലുള്ള ഹൈക്കോടതി ജഡ്ജിമാരെ കൊണ്ടുള്ള അന്വേഷണത്തിന്, ജൂഡിഷ്യൽ അന്വേഷണത്തിനു യാതൊരു ഔചിത്യവുമില്ലയെന്ന ആക്ഷേപമുന്നയിച്ചത്. അതുകൊണ്ട് ഇവിടെ പ്രധാനമായി ചർച്ച വേണം. ഈ മുഖ്യമന്ത്രിയോട് പറയുന്നു, ഇന്ന് അങ്ങ് കാണിച്ചിട്ടുള്ള ദുഃഖത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ ഒരന്വേഷണം കഴിയുന്നതുവരെ ആഭ്യന്തരമന്ത്രി പദം മാറ്റി വയ്ക്കുമോ ? ആ വകുപ്പു അങ്ങേക്ക് കൈമാറാമോ ? അങ്ങ് അധികാരത്തിൽ വന്ന ശേഷമാണ് ഈ ഗവൺമെന്റിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം വെടിവയ്പുകൊണ്ട് ഉണ്ടായത്. അതുകൊണ്ട് മുഖ്യമന്ത്രി ആഭ്യന്തര വകുപ്പു തൽക്കാലത്തേക്ക് തച്ചടിയേയോ മറ്റാരെയെങ്കിലുമോ ഏൽപ്പിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

അവിടെയെത്തിയ പോലീസുകാരോട് ഫാദർ പറഞ്ഞത് ഞങ്ങളെ അവരെ പറഞ്ഞുവിടാം. അതിന് 10 മിനിറ്റ് സമയം തരണമെന്നാണ്. അവിടെ സംഘർഷം ഉണ്ടായിരുന്നില്ല. അവിടത്തെ പള്ളിവികാരിയും അവിടത്തെ മുൻപഞ്ചായത്തു പ്രസിഡന്റും ജനങ്ങളെ സമാധാനിപ്പിക്കാൻ 10 മിനിറ്റ് സമയം ചോദിച്ചു. പക്ഷെ കൊടുത്തില്ല. ലാത്തി ചാർജും വെടിവയ്പും നടത്തി. മുഖ്യമന്ത്രി നടത്തിയിട്ടുള്ള നൂറുകണക്കിന് പ്രഖ്യാപനങ്ങളും കണ്ടപ്പോൾ പോലീസുകാർ നാളെ ഇന്നതരം പ്രവർത്തികളും ആവർത്തിക്കുമെന്നു അന്നു ഞങ്ങളും പറഞ്ഞു. നിങ്ങളും ഇത് തിരുത്തണം. പൊൻകുന്നത്തു നടന്ന വെടിവയ്പിനെക്കുറിച്ച് അന്വേഷിക്കണമെന്നു പറഞ്ഞപ്പോൾ അങ്ങ് സന്നദ്ധനായില്ല. നിയമസഭ കൂടിക്കൊണ്ടിരിക്കുമ്പോൾ കളക്ടറെ കൊണ്ട് അന്വേഷിപ്പിക്കുമെന്നു ഇന്നലെ അറിയിപ്പുണ്ടായിരിക്കുന്നു. ഈ സഭയെയാണ് അങ്ങ് അപമാനിച്ചിരിക്കുന്നത്. അന്വേഷിക്കാൻ കളക്ടറെ ഉത്തരവാദപ്പെടുത്തുമെന്നു എന്തുകൊണ്ട് ഈ സഭയിൽ പറഞ്ഞില്ല ? ഇതു ഈ സഭയോടുപോലും അങ്ങ് കാണിച്ച അനാദരവാണ്. ഈ സഭയെ നിന്ദിച്ചുകൊണ്ട് അങ്ങ് പ്രവർത്തിച്ചിരിക്കുന്നത്. ഈ കാര്യത്തെപ്പറ്റി ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. അതിനനുവദിക്കാത്തതിൽ പ്രതിഷേധിച്ചു ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. എ.സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. ബേബിജോൺ : സർ, അടിയന്തിരപ്രമേയം ചർച്ച ചെയ്യാനുള്ള സന്നദ്ധത മുഖ്യമന്ത്രി പ്രകടിപ്പിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. ഒരാൾ മരിച്ചതിൽ അദ്ദേഹം ദുഃഖം പ്രകടിപ്പിച്ചപ്പോൾ സ്വാഭാവികമായും ആ സാഹചര്യങ്ങളെ സംബന്ധിച്ച് നമുക്കൊന്നു ചർച്ച ചെയ്യാൻ അവസരമുണ്ടായിരുന്നെങ്കിൽ കുറെക്കൂടി നന്നാകുമായിരുന്നു. പക്ഷെ അതിന് അദ്ദേഹം തന്നെ പറഞ്ഞ കാരണം പണ്ടും എപ്പോഴൊക്കെയോ വെടിവയ്പുണ്ടായപ്പോൾ ചർച്ച നടത്തിയിട്ടില്ലെന്നാണ്. ഇതൊന്നും ഒരു മുഖ്യമന്ത്രിക്ക് ചേരുന്നതല്ല. ഇന്നത്തെ വെടിവയ്പ് നീതീകരിക്കാൻ പണ്ട് നിങ്ങളും വെടിവച്ചിരുന്നെന്നു പറഞ്ഞാൽ മതിയോ ? ഇപ്പോൾ പോലീസ് നയത്തിൽ പ്രകടമായ ഒരു നയം മാറ്റം കാണുന്നുണ്ട്. പോലീസ് നയം കുറെക്കൂടി കർക്കശമാകുന്നു. മർദ്ദനം ഒരു പ്രധാന ഉപകരണമാക്കി ജനങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുന്നു. വെടിവയ്പു സാർവ്വത്രികമാക്കാൻ ശ്രമിക്കുന്നു. വെടിവയ്പിനെ നീതീകരിക്കാൻ ശ്രമിക്കുന്നു. ഇതു നല്ലതാണോ ? ഇവിടെ നടന്ന സംഭവമെന്താണ് ? ഒരു ബസ് തങ്കമണിയെന്ന സ്ഥലത്തെ ഒരു പോയിന്റിലേക്ക് പോയില്ല. സ്വാഭാവികമായും അതിലെ യാത്രക്കാർ വിശേഷിച്ചും വിദ്യാർത്ഥികൾ അൽപ്പം അമർഷം പ്രകടിപ്പിച്ചു. ആ അമർഷം പ്രകടിപ്പിച്ച വിദ്യാർത്ഥികളെ തല്ലുകയാണോ വേണ്ടത് ? എന്നിട്ട് അവരെ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടു പോകുകയാണ്. പിന്നെന്നും ആ ബസ് അവിടെ പോയില്ല. പിന്നെ ഇതുവരെ കൊണ്ടു പോയില്ല. വിദ്യാർത്ഥികളെല്ലാംകൂടി സമ്മർദ്ദം ചെലുത്തി ബസ് അവിടെ കൊണ്ടുപോയി എന്നുള്ളത് ശരിയാണ്. വിദ്യാർത്ഥികളൊക്കെയാകുമ്പോൾ അങ്ങനെയാണ്. ഒരുപക്ഷെ അവരുടെ യുവത്വത്തിന്റെ പ്രസരിപ്പുകൊണ്ട് അവർ അങ്ങനെ ചെയ്യാം. അതിന് അവരെ തല്ലുകയാണോ വേണ്ടത് ? ഉടനെ പോലീസുകാരെ അയക്കുകയാണോ വേണ്ടത് ? പോലീ

LIBRARY ARCHIVES Kerala Legislative Assembly

സുകാർ ചെന്നാൽ എന്താണു ചെയ്യേണ്ടതു് ? കൂടിയാലോചന നടത്തി കാര്യങ്ങൾ രമ്യമായി പരിഹരിക്കാൻ ശ്രമിക്കുകയല്ലേ വേണ്ടതു് ? അവിടെ രണ്ടു് കക്ഷിയുണ്ടായിരുന്നോ ? ആരൊക്കെയായിരുന്നു ആ രണ്ടു് കക്ഷികൾ ? ജനങ്ങൾ അവിടെ തമ്മിൽ തിരിഞ്ഞു നിന്നോ ? നുണ പറയുന്നതിനു് ഒരു അതിരില്ലേ ? മുഖ്യമന്ത്രിക്കു് ഭൂഷണമാണോ ഈ നുണ പറച്ചിൽ ? ഞാൻ അറിഞ്ഞതു് അവിടെ ഇന്നലെ സബ്ബു് ഇൻസ്പെക്ടർ പോയിരുന്നു അപ്പോൾ നാട്ടുകാർ പറഞ്ഞതു് കുട്ടികൾ ചെയ്തതു് തെറ്റാണെന്നു പറയണമെന്നാണു്. പറയണമെന്നു് പറഞ്ഞപ്പോൾ പോയിട്ടു് വരാമെന്നു പറഞ്ഞു് പോയിട്ടു് പിന്നെ വന്നതു് സർക്കിൾ ഇൻസ്പെക്ടറും പാർട്ടിയുമാണു്. അവിടെ പള്ളിവികാരിയുടെയടുത്തു ആളുകളെല്ലാം കൂടി. അദ്ദേഹം പറഞ്ഞതു് അങ്ങനെ സമാധാനപരമായി ആലോചിക്കാനൊന്നുമില്ല ; ബസ്സു് കൊണ്ടുപോകാൻ പോകുകയാണു് ; ബലം പ്രയോഗിച്ചു് ബസ്സു് കൊണ്ടുപോകേണ്ടി വന്നാൽ ബലം പ്രയോഗിച്ചു് ബസ്സു് കൊണ്ടുപോകും. ബലപ്രയോഗമുണ്ടാകുമെന്ന അറിയിപ്പിനു് മുൻപു് തന്നെ പുരോഹിതനുംപ്പെടെയുള്ളവർ പറഞ്ഞാൽ ആളുകളെ സമാധാനപ്പെടുത്തി മാറ്റാവുന്നതേയുള്ളു അവിടെ ബലപ്രയോഗത്തിന്റെ ഒരു കാര്യവുമില്ല. മുഖ്യമന്ത്രി കരുണാകരൻ പോലീസിന്റെ ചാർജ്ജു് ഏറ്റെടുത്തതിനു ശേഷം പോലീസിനു് പുതിയ നയമുണ്ടായിട്ടുണ്ടു്. പോലീസുകാർ ജീപ്പിനകത്തു കല്ലു കൊണ്ടുപോകുകയാണു്. കൊല്ലത്തും അതാണു് ചെയ്തതു്. പോലീസുകാർ ജീപ്പിൽ കല്ലു് കൊണ്ടുപോയിട്ടു് കല്ലു് മർദ്ദനോപകരണമാക്കുകയാണു്. പോലീസുകാരാണു് കല്ലെറിഞ്ഞു പ്രകോപിപ്പിച്ചതു്. പുല്ലുകൊണ്ടു് മേഞ്ഞ പോലീസു് ഔട്ടു് പോസ്റ്റിനു് തീ വച്ചതു് പോലീസുകാരാണു്. എന്നിട്ടു് ആളുകളെ തല്ലുകയാണു്. വെടിവയ്ക്കുകയാണു്. എന്നിട്ടു് അന്വേഷണം നടത്തുകയില്ലെന്നു് പറയുകയാണു്. ഇതാണോ സർ, ഒരു നടപടിക്രമം. ഈ ഗവൺമെന്റു് വെടിവയ്പിലൂടെ ജനങ്ങളെ അടിച്ചൊതുക്കിക്കൊണ്ടു് ഇവിടെ ഭരണം തുടരാമെന്നാണു് കരുതുന്നതെങ്കിൽ അതു തെറ്റാണു്. ജനങ്ങൾ തിരിച്ചു ചോദിക്കുമെന്നു പറഞ്ഞാൽ ഭീഷണിയാണു്. ജനങ്ങൾ എത്രനാൾ സഹിക്കും സർ ഇതു് ? ജുഡീഷ്യൽ അന്വേഷണം വച്ചിരിക്കുന്നു. ശരിയാണു്. ഞങ്ങളുടെ കാലത്തും ജൂഡീഷ്യലന്വേഷണം ഉണ്ടായിട്ടുണ്ടു്. മീനിറ്റു് വച്ചു്, മണിക്കൂറുവച്ചു് റിപ്പോർട്ടെഴുതുന്ന ജഡ്ജിമാരാണു് ഇന്നു നമ്മുടെ സംസ്ഥാനത്തുള്ളതു്. അതുകൊണ്ടാണു് ഞങ്ങൾ പറയുന്നതു് നിങ്ങൾക്കു് ഭൂരിപക്ഷമുള്ള ഒരു നിയമസഭാകമ്മിറ്റിയെ കൊണ്ടു് അന്വേഷിപ്പിക്കണമെന്നു് ഞങ്ങൾ തയ്യാറാണു്. അല്ലാതെ ഇതു നല്ലതല്ല. ജഡ്ജിയെ ഫോണിൽക്കൂടി വിളിച്ചു സ്വാധീനിക്കുന്ന ഒരു മുഖ്യമന്ത്രിയുടെ കാലത്തു് ഒരു ജൂഡിഷ്യലന്വേഷണത്തിനു് വല്ല പ്രസക്തിയുമുണ്ടോ ? അതുകൊണ്ടാണു് ഞങ്ങൾ പറയുന്നതു് നിങ്ങൾക്കു് ഭൂരിപക്ഷമുള്ള നിയമസഭാ കമ്മിറ്റിയെക്കൊണ്ടു് അന്വേഷിപ്പിക്കണമെന്നു്. അതിനു് മുതിരാത്തതിൽ പ്രതിഷേധിച്ചു ഞാനും എന്റെ പാർട്ടിയും വാക്കൗട്ടു് നടത്തുകയാണു്. (ശ്രീ. ബേബിജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി)

ശ്രീ. എസ്. ആർ. തങ്കരാജു് : സർ, ഇവിടെ പ്രതിപക്ഷ നേതാക്കൻമാർ ഒരു അടിയന്തിരപ്രമേയത്തിനു് നോട്ടീസു് നൽകി. ആ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ വിശദീകരണം കേട്ടപ്പോൾ അനുമതി ലഭിക്കുമെന്നായിരുന്നു വിശ്വസിച്ചിരുന്നതു്. നിർഭാഗ്യകരമെന്നുപറയട്ടെ ഈ സഭ തുടങ്ങിയതിനുശേഷമുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനങ്ങളാണു് കേരളത്തിൽ അദ്ദേഹത്തിന്റെ കീഴിലുള്ള പോലീസിനെ കയറൂരിവിടാൻ ഇടയാക്കിയതു്. ഇന്നലെയും മിനിയാന്നും ഈ സഭയിൽ മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനങ്ങൾ ഈ സംസ്ഥാനത്തു ഒരു പോലീസ് രാജിനുള്ള സാഹചര്യങ്ങളാണു് ഉണ്ടാക്കിയിട്ടുള്ളതു്. ഇപ്പോൾ മാത്രമല്ല,

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെയുള്ള പ്രത്യേക സാഹചര്യങ്ങളും വരുമ്പോഴെല്ലാം നാട്ടുകാർ സംഘടിക്കുന്നതും മുതലാളിമാർക്കെതിരായി ശബ്ദമുയർത്തുന്നതും ആദ്യത്തെ സംഭവമല്ല. അങ്ങനെയുള്ള നൂറുനൂറു സംഭവങ്ങളുണ്ടായിട്ടുണ്ട്. പ്രത്യേകിച്ചും വിദ്യാർത്ഥികളും ഒരുമിച്ചുകൂടി കഴിയുമ്പോഴും, അങ്ങനെയുള്ള വികാരപരമായ സന്ദർഭങ്ങളും ഉണ്ടാകുമ്പോഴും പ്രക്ഷോഭണങ്ങളുണ്ടാകുമ്പോഴും നമ്മുടെ മുഖ്യമന്ത്രി ചാർജ് വഹിക്കുന്ന ആഭ്യന്തരവകുപ്പിലെ പോലീസ് ഈ രീതിയിൽ ലാത്തിച്ചാർജ് നടത്തുകയാണോ വേണ്ടത് ? സാധാരണഗതിയിൽ വെടിവയ്പു നടത്തണമെന്നുണ്ടെങ്കിൽ ഈ രാജ്യത്ത് നിലവിലിരിക്കുന്ന ചില പെരുമാറ്റ ചട്ടങ്ങളുണ്ട്. അതനുസരിച്ചുള്ള യാതൊരു നിർദ്ദേശവും കൊടുക്കാതെ അവരെ പിരിച്ചുവിടുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിക്കാതെ പിരിഞ്ഞുപൊയ്ക്കൊണ്ടിരുന്ന ജനങ്ങൾക്കുനേരെ വെടിവയ്ക്കുകയും മരണം സംഭവിച്ചതിനുശേഷം അതിനെക്കുറിച്ചു ഒരു ഖേദപ്രകടനം പോലും നടത്താൻ തയ്യാറാകുകയും ചെയ്യാതെ മരണകക്ഷിക്ക് ഭൂരിപക്ഷമുള്ള ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുപോലും തയ്യാറാകാതെ ഇത്രയും ഗുരുതരമായ ഒരു പ്രശ്നമുണ്ടായിട്ട് അതിനെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് അനുവാദം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുകയാണ്. (ശ്രീ എസ്. ആർ. തങ്കരാജും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

III ശ്രദ്ധക്ഷണിക്കൽ

(1) റബ്ബറിന്റെ വിലയിടിവുമൂലം കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി. സി. ജോർജ് : സർ, കൃഷിക്കാർക്ക് സഹായകരമായി പ്രവർത്തിക്കേണ്ട സ്റ്റേറ്റ് ട്രേഡിൽ കോർപ്പറേഷൻ കൃഷിക്കാർക്ക് ഉപദ്രവകരമായ നിലയിലേക്ക് നീങ്ങിയിരിക്കുന്നുവെന്ന സംബന്ധിച്ചാണ് ഞാൻ ബഹുമാനപ്പെട്ട സഭയുടെയും മുഖ്യമന്ത്രിയുടേയും ശ്രദ്ധക്ഷണിക്കാൻ ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിലെ കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന റബ്ബർ കൊണ്ട് ആഭ്യന്തര ഉപയോഗത്തിന് തികയാതെ വന്നാൽ അത് ഇറക്കുമതി നടത്തി വിലനിലവാരം പിടിച്ചുനിർത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണ് എസ്. റ്റി. സി. യുടെ പ്രവർത്തനത്തെ ഗവൺമെന്റ് കാണുന്നത്. കഴിഞ്ഞ 1985-86-ൽ 35,000 ടൺ റബ്ബർ ആണ് നമ്മുടെ ആഭ്യന്തരവിനിയോഗത്തിന് കുറവുണ്ടായിരുന്നത്. 35,000 ടൺ മാത്രമാണ്. എന്നാൽ എസ്. ടി. സി. 38,538 ടൺ റബ്ബർ ഇറക്കുമതി നടത്തി. ഏകദേശം 3538 ടൺ റബ്ബർ കൂടുതലായി ഇറക്കുമതി നടത്തി. അത് മുഴുവൻ റിലീസ് ചെയ്തു കൊടുക്കുകയും ചെയ്തു. ഈ വർഷവും നമ്മുടെ ആവശ്യങ്ങൾക്ക് അധികമായി വരുന്നത് 35,000 ടൺ മാത്രമാണ്. റബ്ബർ ബോർഡിന്റെ ഈ കണക്ക് ശരിയല്ല എന്നാണ് ഒരു കൃഷിക്കാരൻ എന്നുള്ള നിലയ്ക്ക് എനിക്കുള്ളത്. റബ്ബർ ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന റബ്ബർ കർഷകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും ഉല്പാദനത്തിന്റെ അടിസ്ഥാനത്തിലും ആണ് റബ്ബർ ബോർഡ് കണക്കാക്കുന്നത്. ഇങ്ങനെ റബ്ബർബോർഡിൽ

LIBRARY ARCHIVES Kerala Legislative Assembly